## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. *151

22.01.2014 -ൽ മറുപടിയ്ക്ക്

# മന്ത്രിമാരുടെ ഓഫീസുകളിൽ കുറ്റവാളികൾ കയറുന്നത് തടയാൻ സംവിധാനം

**ചോദ്യം**

ശ്രീ. പി.റ്റി.എ. റഹീം :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. സി.കെ. സദാശിവൻ :
ശ്രീമതി കെ.എസ്. സലീഖ :

**മറുപടി**

ശ്രീ. രമേശ് ചെന്നിത്തല
(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

(എ) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഓഫീസുകളിൽ കുറ്റവാളികൾ കയറുന്നത് നിയന്ത്രിക്കാനും നിരീക്ഷിക്കാനും പ്രത്യേക സംവിധാനം ഏർപ്പെടുത്തേണ്ട സ്ഥിതി വിശേഷം സംജാതമായിട്ടുണ്ടോ ; ഇതിൽ ബന്ധപ്പെട്ട ഓഫീസുകളുടെ പങ്ക് അന്വേഷിച്ചിട്ടുണ്ടോ ;

(എ) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഓഫീസുകളിൽ കുറ്റവാളികൾ കയറിയിറങ്ങുന്ന സ്ഥിതിവിശേഷം സംജാതമായിട്ടില്ല. എന്നാൽ മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഓഫീസുകളിൽ അഭികാമ്യമല്ലാത്ത ആളുകൾ കയറുന്നത് നിയന്ത്രിക്കാനും, നിരീക്ഷിക്കാനും സംവിധാനം ഉണ്ടാകുന്നത് പൊതുവായ സുരക്ഷാ പരിഗണനകൾ പരിശോധിക്കുമ്പോൾ ആവശ്യമാണ്. സെക്രട്ടേറിയറ്റ് സുരക്ഷയുടെ ഭാഗമായി മുഖ്യമന്ത്രിയുടെയും, മറ്റു മന്ത്രിമാരുടെയും ഓഫീസുകളിൽ മതിയായ സുരക്ഷാ സംവിധാനങ്ങൾ ഇപ്പോൾ തന്നെ നിലവിലുണ്ട്.

(ബി) കുറ്റവാളികൾ മന്ത്രിമാരുടെ ഓഫീസുകളിൽ കയറിയിറങ്ങുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ച റിപ്പോർട്ടും അതേ

(ബി) അഭികാമ്യമല്ലാത്ത ആൾക്കാർ മന്ത്രിമാരുടേതുൾപ്പെടെയുള്ള സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങുന്നത് നിയന്ത്രിക്കാൻ ഒരു ഏകീകൃത

തുടർന്ന് പുറപ്പെടുവിച്ച പരിപത്രവും സംബന്ധിച്ച് വിശദമാക്കാമോ ;

ക്രിമിനൽ ഡാറ്റാ ബേസ് ഉണ്ടാക്കുവാൻ ഗവൺമെന്റ് തലത്തിൽ തീരുമാനം എടുക്കുകയും ഇത് സംബന്ധിച്ച് 10.7.2013-ൽ നം.66346/എസ്.സി2/13/ആഭ്യ. പ്രകാരം പുറപ്പെടുവിച്ച സർക്കുലറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് മേധാവി സെക്യൂരിറ്റി അലെർട്ട് സിസ്റ്റം എന്ന പേരിൽ ഒരു ഓൺലൈൻ വെബ് ആപ്ലിക്കേഷൻ നിർമ്മിക്കുവാൻ 7.9.2013-ലെ നടപടിക്രമം നമ്പർ റ്റി 5-11238/12 പ്രകാരം ഉത്തരവായിട്ടുണ്ട്.

(സി) കുറ്റവാളികളുടെ ഏകീകൃത ഡാറ്റാ ബേസ് തയ്യാറാക്കാൻ സർക്കാർ തലത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ തീരുമാനം നടപ്പാക്കിയിട്ടുണ്ടോ;വ്യക്തമാക്കാമോ ;

(സി) അഭികാമ്യമല്ലാത്ത ആൾക്കാർ മന്ത്രിമാരുടേതുൾപ്പെടെയുള്ള സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങുന്ന കുറ്റവാളികളുടെ ഒരു ഏകീകൃത ക്രിമിനൽ ഡേറ്റാ ബേസ് ഉണ്ടാക്കുവാൻ ഗവൺമെന്റ് തലത്തിൽ തീരുമാനം എടുക്കുകയും ഇത് സംബന്ധിച്ച് ലഭിച്ച സർക്കുലറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് മേധാവി സെക്യൂരിറ്റി അലർട്ട് സിസ്റ്റം എന്ന പേരിൽ ഒരു ഓൺലൈൻ വെബ് ആപ്ലിക്കേഷൻ നിർമ്മിക്കുവാൻ 7.9.2013-ലെ നടപടിക്രമം നമ്പർ റ്റി-5-11238/12 പ്രകാരം ഉത്തരവായിട്ടുണ്ട്.

പ്രസ്തുത സെക്യൂരിറ്റി അലർട്ട് സിസ്റ്റം പോലീസ് കമ്പ്യൂട്ടർ സെന്ററിന്റെ ആഭിമുഖ്യത്തിൽ നിർമ്മിക്കുകയും സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. CCIS (Crime & Criminal Information System) സോഫ്റ്റ്വെയറിൽ ശേഖരിച്ചു

| | | |
|---|---|---|
| | | വയ്ക്കുന്ന കുറ്റവാളികളുടെ വിവരങ്ങൾ ഈ ഡേറ്റാ ബാങ്കിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |
| (ഡി) | എങ്കിൽ ഇതിനകം ലഭിച്ച വിവരങ്ങളുടെയടിസ്ഥാനത്തിൽ അവലോകനം നടത്തുകയുണ്ടായോ ; വിശദമാക്കുമോ ? | (ഡി) കുറ്റവാളികളുടെ ഡാറ്റാ ബേസ് സംസ്ഥാന ക്രൈം റിക്കോർഡ്സ് ബ്യൂറോയിൽ പൂർണ്ണമായും തയ്യാറാക്കി കഴിഞ്ഞിട്ടില്ല. ഏകദേശം 1,40,000 ത്തിലധികം പേരുടെ ഡാറ്റാ ചേർത്ത് കഴിഞ്ഞു. കുറ്റവാളികളുടെ ഡാറ്റാ ബേസ് പൂർണ്ണമായിട്ടില്ലാത്തതിനാൽ വെരിഫിക്കേഷൻ നടപടികൾ ആരംഭിച്ചിട്ടില്ല. ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ അവലോകനം നടത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**